**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **12-06-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ പുനർഗേഹം പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരവും ലഭിച്ച അപ്പീൽ അപേക്ഷകൾ പ്രകാരവും 21913 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും, 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4334 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3640 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2256 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 763 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു. നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |

**ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ**

| ഫ്ലാറ്റ് | എണ്ണം |
|---|---|
| കാരോട് | 128 |
| ബീമാപ്പള്ളി | 20 |
| ക്യു.എസ്.എസ്. കോളനി | 114 |
| പൊന്നാനി | 128 |
| ആകെ | 390 |

ഇപ്രകാരം 2646 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതിൽ നാളിതുവരെ മാറി താമസിച്ച കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | മാറി താമസിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 763 |
| കൊല്ലം | 290 |
| ആലപ്പുഴ | 297 |
| എറണാകുളം | 62 |
| തൃശ്ശൂർ | 274 |
| മലപ്പുറം | 258 |
| കോഴിക്കോട് | 74 |
| കണ്ണൂർ | 50 |
| കാസർഗോഡ് | 41 |
| ആകെ | 2109 |

| | | | |
|---|---|---|---|
| (ബി) | ട്രോളിംഗ് നിരോധന സമയത്ത് വിദേശ ട്രോളുകളും അന്യസംസ്ഥാന യാനങ്ങളും സംസ്ഥാനതീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | അന്യസംസ്ഥാന ബോട്ടുകൾ കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് EEZ ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018 ൽ കേന്ദ്രസർക്കാർ വിദേശയാനങ്ങൾക്ക് നൽകിയിരുന്ന LOP കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും ട്രോളിംഗ് നിരോധന സമയത്ത് കടൽ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12 നോട്ടിക്കൽ മൈലിന് പുറത്ത് ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവരുടെ സാന്നിധ്യവും പട്രോളിംഗും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ